# കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

(ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 243ZK യുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘങ്ങൾ ആക്ടിലെ 28വകുപ്പ് പ്രകാരം രൂപീകൃതമായത്)

ഇ(2)2461/2025/എസ്.സി.ഇ.സി തീയതി : 15.10.2025

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ക്രെഡിറ്റ് വിഭാഗം അഡീഷണൽ രജിസ്ട്രാറെ ഇലക്ടറൽ ആഫീസറായും തിരുവനന്തപുരം ജില്ലാ സഹകരണ സംഘം (ജനറൽ) ജോയിന്റ് രജിസ്ട്രാറെ വരണാധികാരിയായും നിയമിച്ച് ഇതേ നമ്പരിലും തീയതിയിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തത്തിന്റെ നിയമാവലി 16(എ)16(ബി) എന്നീ വ്യവസ്ഥകൾ പ്രകാരം 14 ജില്ലകളിൽ നിന്നും എ ക്ലാസ് അംഗങ്ങളാൽ തെരഞ്ഞെടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ 14 പ്രതിനിധികളും (3 വനിതാ അംഗങ്ങളും അതിൽ ഒരാൾ 40 വയസ്സിനു താഴെയുള്ള പ്രതിനിധിയും, ഒരു പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധിയും, 40 വയസ്സിനു താഴെയുള്ള ജനറൽ വിഭാഗത്തിലെ ഒരു പ്രതിനിധിയും ഉൾപ്പെടുന്നു). സംസ്ഥാനത്തെ അർബൻ ബാങ്കുകളെ പ്രതിനിധീകരിച്ച് എ ക്ലാസ്സ് അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന 1 അംഗവും ഉൾപ്പെടെ ആകെ 15 അംഗങ്ങളെ തെരഞ്ഞെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം 15 പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് ബാങ്ക് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും എന്നാൽ മലപ്പുറം ജില്ല സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ മലപ്പുറം ജില്ല സഹകരണ ബാങ്കിനെ സംബന്ധിച്ച് എല്ലാ അർത്ഥത്തിലും തത്സ്ഥിതി തുടരുന്നതിന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ 15.10.2025 തീയതിയിലെ RCS/12005/2025CB(5) നമ്പർ തീരുമാനപ്രകാരം മലപ്പുറം ജില്ല ഒഴികെയുള്ള മറ്റ് 13 ജില്ലകളിലും നിയമാവലി 16എ പ്രകാരം ഓരോ പ്രതിനിധികളും നിയമാവലി 16 ബി പ്രകാരം ഒരു പ്രതിനിധിയും ഉൾപ്പെടെ 14 സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ ബാങ്കിലെ എല്ലാ അംഗങ്ങളുടേയും അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 14 (പതിനാല്)

2. **സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ**

1(എ). കേരള സംസ്ഥാന സഹകരണ ബാങ്ക്ക്ലിപ്തത്തിൽ എ ക്ലാസ് അംഗങ്ങളായ സംഘങ്ങളുടെ പ്രതിനിധികൾ തെരഞ്ഞെടുക്കേണ്ടത് :

A. ജനറൽ 8 (എട്ട്)
(പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ 8 ജില്ലകളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്ന് ടി ഓരോ ജില്ലക്കും ഒരു പ്രതിനിധി വീതം)

B. 40 വയസ്സിനു താഴെയുള്ള ജനറൽ വിഭാഗം പ്രതിനിധി
(കൊല്ലം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും) 1 (ഒന്ന്)

C. വനിതാ സംവരണം 2 (രണ്ട്)
(തിരുവനന്തപുരം, കാസറഗോഡ് എന്നീ 2 ജില്ലകളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും ടി ഓരോ ജില്ലക്കും ഒരു പ്രതിനിധി വീതം)

D. 40 വയസ്സിനു താഴെയുള്ള വനിതാ പ്രതിനിധി 1(ഒന്ന്)
(ഇടുക്കി ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും)

E. പട്ടികജാതി/പട്ടികവർഗ്ഗ സംവരണം 1(ഒന്ന്)
(പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും)

| | | |
|---|---|---|
| F. ബൈലാ 16(ബി) പ്രകാരം അംഗസംഘങ്ങളായ അർബൻ സഹകരണ ബാങ്കുകളുടെ ഒരു പ്രതിനിധി | | 1(ഒന്ന്) |
| ആകെ | | 14 (പതിനാല്) |

| | | | |
|---|---|---|---|
| 3 | പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും | : | 18-10-2025 പകൽ 11 മണിക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ഹെഡ് ആഫീസ്, റീജിയണൽ ആഫീസുകൾ, ജില്ലാ തല ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുകളുടെ നോട്ടീസ് ബോർഡിൽ |
| 4. | വോട്ടർ പട്ടികയിലെ തടസവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ | : | 18-10-2025 പകൽ 11 മണി മുതൽ 25-10-2025 പകൽ 4 മണി വരെ |
| 5. | തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും, സമയവും, സ്ഥലവും | : | 27-10-2025 പകൽ 11 മണി മുതൽ 1 മണി വരെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തെ കോ-ബാങ്ക് ടവറിലുള്ള ഹെഡ് ആഫീസിൽ വച്ച്. |
| 6. | അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും | : | 29-10-2025 പകൽ 11 മണിക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ആഫീസ്, റീജിയണൽ ആഫീസുകൾ, ജില്ലാ തല ക്രെഡിറ്റ് പ്രോസസിംഗ് സെന്റർ ആഫീസുകളുടെ നോട്ടീസ് ബോർഡിൽ |
| 7. | നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും, തീയതിയും, സമയവും. | : | 05-11-2025 പകൽ 11 മണി മുതൽ 1 മണി വരെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തെ കോ-ബാങ്ക് ടവറിലുള്ള ഹെഡ് ആഫീസിൽ വച്ച്. |
| 8 | പത്രികകൾ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും, സമയവും. | : | 06-11-2025 പകൽ 11 മണി മുതൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തെ കോ-ബാങ്ക് ടവറിലുള്ള ഹെഡ് ആഫീസിൽ വച്ച്. |
| 9 | പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയതിയും, സമയവും. | : | 07-11-2025 പകൽ 5 മണി വരെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തെ കോ-ബാങ്ക് ടവറിലുള്ള ഹെഡ് ആഫീസ്. |
| 10 | വോട്ടെടുപ്പ് വേണ്ടി വരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും, തീയതിയും, സമയവും | : | 2025 നവംബർ മാസം 21-ാം തീയതി വെള്ളിയാഴ്ച പകൽ 10 മണി മുതൽ 4 മണി വരെ – |

(1) തിരുവനന്തപുരം – ഇ.എം.എസ് മെമ്മോറിയൽ ഹാൾ രണ്ടാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) റീജിയണൽ ഓഫീസ്, ഫോർട്ട് പി.ഒ, തിരുവനന്തപുരം - 695 023.

(2) കൊല്ലം - മിനി ആഡിറ്റോറിയം, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) ചിന്നക്കട, കൊല്ലം - 691 001.

(3) പത്തനംതിട്ട - ബാങ്ക് ആഡിറ്റോറിയം, 3-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) മൈലപ്ര റോഡ്, പത്തനംതിട്ട - 689 645.

(4) ആലപ്പുഴ - ബാങ്ക് ആഡിറ്റോറിയം, 2-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) റീജിയണൽ ആഫീസ്, മുനിസിപ്പൽ ടൗൺ ഹാളിന് എതിർവശം, ആലപ്പുഴ - 688 001.

(5) കോട്ടയം - ബാങ്ക് ആഡിറ്റോറിയം, 6-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) റീജിയണൽ ആഫീസ്, സെൻട്രൽ ജംഗ്ഷൻ, കോട്ടയം - 686 001.

(6) ഇടുക്കി - ബാങ്ക് ആഡിറ്റോറിയം, 1-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്), ഇടുക്കി കോളനി പി.ഒ, ഇടുക്കി - 685 602.

(7) എറണാകുളം - അഡ്വ.എം.വി.ജോസഫ് മെമ്മോറി

യൽ ആഡിറ്റോറിയം, 1-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്), കാക്കനാട്, എറണാകുളം - 682 030.

(8) തൃശ്ശൂർ - ജവഹർ കൺവെൻഷൻ സെന്റർ, 1-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) റീജിയണൽ ആഫീസ്, കോവിലകത്തുംപാടം, തിരുവമ്പാടി പി.ഒ, തൃശ്ശൂർ - 680 022.

(9) പാലക്കാട് - ബാങ്ക് കോൺഫറൻസ് ഹാൾ, 5-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) റീജിയണൽ ആഫീസ്, സുൽത്താൻപെട്ട്, പാലക്കാട് 678 001.

(10) കോഴിക്കോട് - ഇ.വി.കുമാരൻ മെമ്മോറിയൽ ആഡിറ്റോറിയം, 3-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്), കല്ലായി റോഡ്, ചാലപ്പുറം പി.ഒ, കോഴിക്കോട് - 673 002.

(11) വയനാട് - കോൺഫറൻസ് ഹാൾ, 3-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) കൽപ്പറ്റ നോർത്ത്, വയനാട് - 673 122.

(12) കണ്ണൂർ - ബാങ്ക് കോൺഫറൻസ് ഹാൾ, 1-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്) റീജിയണൽ ആഫീസ്, ഹെഡ് പോസ്റ്റാഫീസിനു സമീപം, കണ്ണൂർ- 670 001.

(13) കാസർഗോഡ് - ബാങ്ക് കോൺഫറൻസ് ഹാൾ, 3-ാം നില, കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം (കേരള ബാങ്ക്), നായക് റോഡ്, കാസർകോട് - 671 121.

| | | |
|---|---|---|
| 11. വോട്ടെണ്ണൽ വേണ്ടി വരുന്നപക്ഷം വോട്ടെണ്ണൽ നടത്തുന്ന സ്ഥലവും, തീയതിയും, സമയവും | : | 24-11-2025 പകൽ 10 മണി മുതൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തെ കോ-ബാങ്ക് ടവറിലുള്ള ഹെഡ് ആഫീസിൽ വച്ച്. |

എം. ബിനോയ് കുമാർ
സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ

<u>കുറിപ്പ്</u>

1. അന്തിമ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു.
2. വോട്ടർ പട്ടികയുടെ പകർപ്പുകൾ സംഘം നിശ്ചയിക്കുന്ന വിലയ്ക്ക്, കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ആഫീസ്, റീജിയണൽ ആഫീസ്, കേരള സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ തല ക്രെഡിറ്റ് പ്രോസസിംഗ് സെന്റർ ആഫീസുകളിൽ നിന്നും(മലപ്പുറം ജില്ലഒഴികെയുള്ള മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ ആസ്ഥാനം) 29.10.2025 മുതൽ പ്രവർത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്.
3. നാമനിർദ്ദേശപത്രിക (ഫോറം നമ്പർ-36) വരണാധികാരിയിൽ നിന്നും 29.10.2025 മുതൽ പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.
4. നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥികൾ 250 രൂപ ബാങ്കിൽ കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽപട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥികൾ 125 രൂപ ബാങ്കിൽ കെട്ടിവച്ചാൽ മതിയാകുന്നതാണ്.
5. പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിലേക്ക് മത്സരിക്കുന്നവർ ജാതി തെളിയിക്കുന്നതിന് ബന്ധപ്പെട്ടറവന്യൂ അധികാരികളിൽനിന്നും ലഭിച്ച സാക്ഷ്യപത്രം നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കിയിരിക്കേണ്ടതാണ്.
6. സ്ഥാനാർത്ഥികളുടെ യോഗ്യത നിർണ്ണയിക്കപ്പെടുന്നത് സഹകരണ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾക്കും, ചട്ടങ്ങൾക്കും, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾക്കും, മാർഗ്ഗനിർദ്ദേശങ്ങൾക്കും, സഹകരണ സംഘം നിയമാവലിക്കും വിധേയമായിട്ടായിരിക്കും.
7. ഒരു സ്ഥാനാർത്ഥി ഒന്നിലധികം സ്ഥാനങ്ങളിലേക്ക് ഒന്നിലധികം നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതല്ല.
8. വോട്ടവകാശ വിനിയോഗത്തിന് അംഗങ്ങൾ അവർ പ്രതിനിധീകരിക്കുന്ന സംഘം നൽകിയിട്ടുള്ള 6-A ഫോറത്തിലുള്ള തിരിച്ചറിയൽ കാർഡിന് പുറമേ ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്/റേഷൻ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/തൊഴിലുടമ നൽകുന്ന തിരിച്ചറിയൽ

കാർഡ്/ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും കൂടി ഹാജരാക്കേണ്ടതാണ്.

9. ടി ബാങ്കിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ അംഗസംഘങ്ങളിലെ പ്രതിനിധികൾ, അവരെ പ്രതിനിധിയായി തെരഞ്ഞെടുത്ത ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, "ശരിപ്പകർപ്പ്" എന്ന രേഖപ്പെടുത്തലോടു കൂടി സംഘത്തിന്റെ/ബാങ്കിന്റെ പ്രസിഡന്റ്/സെക്രട്ടറിയും അതാത് ഭരണസമിതിയിലെ രണ്ട് ഭരണസമിതി അംഗങ്ങളും ചേർന്ന് കൈയൊപ്പ് രേഖപ്പെടുത്തി സംഘത്തിന്റെ/ബാങ്കിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയും കൂടാതെ സംഘം / ബാങ്ക് നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധിയുടെ കൈയൊപ്പ് സംഘത്തിന്റെ/ ബാങ്കിന്റെ പ്രസിഡന്റ്/സെക്രട്ടറി "അറ്റസ്റ്റഡ്" എന്ന രേഖപ്പെടുത്തലും കൈയൊപ്പോടും കൂടി സംഘത്തിന്റെ/ബാങ്കിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയും നാമനിർദ്ദേശപത്രികയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്.

10. തെരഞ്ഞെടുപ്പിന് അംഗസ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തംഅയച്ചു നൽകുന്നഅധികാരപത്രം ശരിയായി പൂരിപ്പിച്ച്, അതാത്പ്രതിനിധിയുടെ ഫോട്ടോ പതിച്ച് സംഘത്തിന്റെ/ ബാങ്കിന്റെ പ്രസിഡന്റ്/സെക്രട്ടറി "അറ്റസ്റ്റഡ്" എന്ന രേഖപ്പെടുത്തലും കൈയൊപ്പോടും കൂടി സംഘത്തിന്റെ/ബാങ്കിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തി ഒരു കോപ്പി തെരഞ്ഞെടുപ്പിന് രണ്ട്ദിവസംമുമ്പായി അതാത് ജില്ലയിലെ അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസറുടെ ആഫീസിൽ ലഭിക്കത്തക്കവിധം അയച്ചുകൊടുക്കേണ്ടതും മറ്റൊരു പകർപ്പ്, അംഗസ്ഥാപനത്തിൽനിന്നും നൽകിയിട്ടുള്ള 6-A തിരിച്ചറിയൽ കാർഡ് സഹിതം വോട്ട് രേഖപ്പെടുത്തുന്നതിനായി നേരിട്ട് ഹാജരാക്കേണ്ടതുമാണ്.

11. വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ റിട്ടേണിംഗ് ഓഫീസർ ഫലം പ്രഖ്യാപിക്കുന്നതാണ്.തുല്യം വോട്ടുകൾ വരുന്നപക്ഷം റിട്ടേണിംഗ് ഓഫീസർ നറുക്കെടുപ്പ് നടത്തി ഫലം നിർണ്ണയിച്ച് പ്രഖ്യാപനം നടത്തേണ്ടതാണ്.

12. തെരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ നിയമപ്രകാരം ശിക്ഷാർഹമാണ്.

13. തെരഞ്ഞെടുപ്പ് സംബന്ധിച്ച് സന്ദർഭോചിതമായിവരുന്ന നിർദ്ദേശങ്ങളും അറിയിപ്പുകളുംഅതാതുസമയം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്.

14. അതാത് ജില്ലകളിലെ വോട്ട് ചെയ്യാൻ അർഹതയുള്ളവർ അതാത് ജില്ലകളിൽ സജ്ജീകരിച്ചിട്ടുള്ള വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ തന്നെ വോട്ട് ചെയ്യേണ്ടതാണ്.

15. 40 വയസിന് താഴെയുള്ള പൊതുവിഭാഗം, വനിത വിഭാഗം എന്നിവയിൽ ഉൾപ്പെടുന്നവർ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

***(പ്രത്യേക ശ്രദ്ധയ്ക്ക്: വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം ബാങ്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)***